സി.ജി(2) 36200/14 സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി : 18/10/2014

website : www.cooperation.kerala.gov.in
e-mail : keralarcs.coop@kerala.gov.in

# സർക്കുലർ നമ്പർ 47/2014

വിഷയം: സഹകരണ വകുപ്പ് – കർഷക കടാശ്വാസ കമ്മീഷന്റെ അവാർഡ് കടാശ്വാസ തുക അനുവദിക്കുന്നതിന് അനുമതി സംബന്ധിച്ച്.

സൂചന: 1) 30.1.2013 ലെ സ.ഉ(സാധാ) 58/2013/സഹ.നമ്പർ സർക്കാർ ഉത്തരവ്.
2) 30.11.2013 ലെ ജി.ഒ.(ആർ.റ്റി)നം.2111/2013/കൃഷി/ഉത്തരവ്.
3) സഹകരണ സംഘം രജിസ്ട്രാറുടെ 12/2013 നമ്പർ സർക്കുലർ.
4) സഹകരണ സംഘം രജിസ്ട്രാറുടെ 4/2014 നമ്പർ സർക്കുലർ.
5) 19.9.2014 ലെ 29302/എജി2/12/ കൃഷി/നമ്പർ സർക്കാർ കത്ത്.

.................

കേരള കർഷക കടാശ്വാസ കമ്മീഷൻ കർഷകർക്ക് നൽകിയിട്ടുള്ള അവാർഡുകളുമായി ബന്ധപ്പെട്ട് **സർക്കാർ ഏറ്റെടുത്ത ബാധ്യത കൂടി വായ്പക്കാരൻ തന്നെ അടച്ച് വായ്പ കണക്ക് അവസാനിപ്പിച്ചിട്ടുള്ള കേസുകളിൽ സർക്കാർ ഏറ്റെടുത്തതും അനുവദിച്ച് നൽകുന്നതുമായ തുകയ്ക്ക് വായ്പക്കാരന് അർഹതയുണ്ടായിരിക്കുമെന്ന സൂചന (1) ലെ നിർദ്ദേശത്തിന് അനുസൃതമായി സഹകരണ സംഘം രജിസ്ട്രാർ സൂചന (3) പ്രകാരം മാർഗ്ഗ നിർദ്ദേശം നൽകിയിരുന്നു**. കർഷക കടാശ്വാസ കമ്മീഷന്റെ അന്തിമ ഉത്തരവിൽ ശുപാർശ ചെയ്തിട്ടുള്ളതും സർക്കാർ അനുവദിച്ച് നൽകുന്നതുമായ കടാശ്വാസ തുക പുതുക്കിയ വായ്പകൾക്കും അർഹമാണെന്ന് സൂചന (2) പ്രകാരം സർക്കാർ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ സൂചന(4) പ്രകാരവും മാർഗ്ഗ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ടി സർക്കാർ ഉത്തരവുകൾക്ക് മുൻകാല പ്രാബല്യമില്ലായെന്ന് സൂചന (5) പ്രകാരം സർക്കാർ അറിയിച്ചിട്ടുണ്ട്. ടി സർക്കാർ കത്തിന്റെ അടിസ്ഥാനത്തിൽ ചുവടെ പരാമർശിക്കുന്ന മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുന്നു.

കേരള കർഷക കടാശ്വാസ കമ്മീഷൻ കർഷകർക്ക് നൽകിയിട്ടുള്ള അവാർഡുകളുമായി ബന്ധപ്പെട്ട് **സർക്കാർ ഏറ്റെടുത്ത ബാധ്യത കൂടി വായ്പക്കാരൻ തന്നെ അടച്ച് വായ്പ കണക്ക് അവസാനിപ്പിച്ചിട്ടുള്ള കേസുകളിൽ സർക്കാർ ഏറ്റെടുത്തതും അനുവദിച്ച് നൽകുന്നതുമായ തുകയ്ക്ക് അർഹതയുള്ളത് സൂചന (1) ലെ ഉത്തരവ് തീയതി മുതൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിൽ ഉൾപ്പെട്ടിട്ടുള്ള വായപകൾക്ക് മാത്രമായിരിക്കും.** കൂടാതെ കർഷക കടാശ്വാസ കമ്മീഷന്റെ അന്തിമ ഉത്തരവിൽ ശുപാർശ ചെയ്തിട്ടുള്ളതും സർക്കാർ അനുവദിച്ച് നൽകുന്നതുമായ കടാശ്വാസ തുക പുതുക്കിയ വായ്പകൾക്കും അർഹതയുള്ളത് സൂചന (2) ലെ ഉത്തരവ് തീയതി മുതൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിൽ ഉൾപ്പെട്ടിട്ടുള്ള വായപകൾക്കും മാത്രമായിരിക്കും.

മേൽ നിർദ്ദേശം എല്ലാ സഹകരണ സംഘങ്ങളും/ബാങ്കുകളും, വകുപ്പുതല പരിശോധനാ ഉദ്യോഗസ്ഥരും കർശനമായി പാലിക്കേണ്ടതും, പാലിക്കുന്നുണ്ടെന്ന് ജോയിന്റ് രജിസ്ട്രാർ (ജനറൽ), ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) എന്നിവർ ഉറപ്പ് വരുത്തേണ്ടതുമാണ്.

ഒപ്പ്,
എസ്.ലളിതാംബിക ഐ.ഐ.എസ്
സഹകരണസംഘം രജിസ്ട്രാർ

**<u>പകർപ്പ്:-</u>**

1. സഹകരണ ആഡിറ്റ് ഡയറക്ടർ, ആഡിറ്റ് ഡയറക്ടറേറ്റ്
2. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ & ആഡിറ്റ്) മാർക്കും
3. രജിസ്ട്രാർ, ബഹുമാനപ്പെട്ട കേരള ഹൈക്കോടതി, എറണാകുളം.
4. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക് /കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്.
5. ജോയിന്റ് രജിസ്ട്രാർ/കൺകറന്റ് ആഡിറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്ക്/കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്
6. എല്ലാ ജില്ലാ ബാങ്ക് ജനറൽ മാനേജർക്കും, ജോയിന്റ് രജിസ്ട്രാർ/കൺകറന്റ് ആഡിറ്റർമാർക്കും.
7. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ & ആഡിറ്റ്) മാർക്ക്(ജോയിന്റ് രജിസ്ട്രാർ മുഖേന)
8. സെക്രട്ടറി, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ/പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ (ജോയിന്റ് രജിസ്ട്രാർ മുഖേന)
9. ഡെപ്യൂട്ടി ഡയറക്ടർ/കൺകറന്റ് ആഡിറ്റർ, കേരള കോപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ
10. അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യുവേഷൻ ആഫീസർ, പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്ക് (ജോയിന്റ് രജിസ്ട്രാർ മുഖേന)
11 എഡിറ്റർ, സഹകരണ വീഥി/സഹകരണ ജേർണൽ
12 സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
13 ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും
14 സ്റ്റോക്ക് ഫയൽ/സ്പെയർ.
15 വെബ്സൈറ്റ്